പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ. 48 — 06/03/2012 ൽ മറുപടിയ്ക്ക്

## വയോജനക്ഷേമത്തിന് പ്രത്യേക ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ സണ്ണി ജോസഫ്<br>ശ്രീ.ഷാഫി പറമ്പിൽ | ഡോ. എം.കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി |

| | |
|---|---|
| (എ) സംസ്ഥാനത്ത് വയോജന ക്ഷേമത്തിനായി പ്രത്യേക ബോർഡ് ആരംഭിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഇല്ല. |
| (ബി) വയോജനങ്ങൾക്കുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പ് നൽകി വരുന്ന സൗകര്യങ്ങൾക്കു പകരം ഈ മേഖലയിൽ ക്രിയാത്മക ഇടപെടലുകൾ നടത്തുന്ന വിധത്തിൽ വയോജന നയത്തിൽ തിരുത്തലുകൾ വരുത്തുമോ; | (ബി) വയോജനക്ഷേമത്തിനായി നിലവിലുള്ള സംസ്ഥാന വയോജന നയം പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) ഇവരുടെ ഉപജീവനത്തിനും മാനസിക ഉല്ലാസത്തിനുമാവശ്യമായ പദ്ധതികൾ നടപ്പാക്കുമോ? | (സി) വയോജനങ്ങളുടെ ഉപജീവനത്തിനും മാനസിക ഉല്ലാസത്തിനുംവേണ്ടി സാമൂഹ്യസുരക്ഷാ മിഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇവരുടെ മാനസികോല്ലാസത്തിനായി 'സല്ലാപം' എന്ന പേരിൽ ഒരു പരിപാടി സംസ്ഥാനത്തുടനീളം നടപ്പാക്കുന്നതിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. വയോജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയും മിഷൻ തയ്യാറാക്കി വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ